

**TUESDAY** 29/07/2025 **ചൊവ്വാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/07/2025

1. കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവിനും ഉൽപ്പന്ന സംസ്കരണത്തിനും മൂല്യവർധനവിനും; കയറ്റുമതി ഉൾപ്പെടെ ഉൽപ്പന്നങ്ങളുടെ വിപണനവും പ്രധാന ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള കർഷക ഉത്പാദക സംഘംങ്ങൾക്ക് (എഫ്.പി.ഒ.) നൂതനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പ്രത്യേക സഹായം. കാർഷിക വികസന കർഷകക്ഷേമവകുപ്പിനുകീഴിലുള്ള ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരള (എസ്.എഫ്.എ.സി.) വഴിയാണ് പദ്ധതിനടപ്പിലാക്കുന്നത്. മൂന്ന് കോടിരൂപയാണ് ഹോർട്ടിക്കൾച്ചർ മിഷൻ ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്. കർഷക ഉത്പാദക സംഘംങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള നോഡൽ ഏജൻസി ആണ് എസ്.എഫ്.എ.സി. ഹോർട്ടിക്കൾച്ചർ വിളകളായ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഉദ്യാനവിളകൾ, സുഗന്ധവ്യഞ്ജനവിളകൾ, തോട്ടവിളകൾ, കൂൺ, തേൻ എന്നിവയ്ക്കായുള്ള പദ്ധതികൾക്കാണ് എസ്.എഫ്.എ.സി. വഴി സഹായം അനുവദിക്കുന്നത്. വിളവെടുപ്പനാന്തര സംസ്കരണത്തിനും സംഭരണത്തിനും മൂല്യവർദ്ധനവിനും വിപണനത്തിനും കയറ്റു മതിയ്ക്കുമായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് മുൻഗണന. പദ്ധതിച്ചെലവിന്റെ പരമാവധി 80% വരെ നിശ്ചിത മാനദണ്ഡങ്ങളനുസരിച്ച് സാമ്പത്തികസഹായം ലഭിക്കും. 15 ലക്ഷം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപ വരെയാണ് പരമാവധി സഹായമായി ലഭിക്കുക. അംഗീകൃത ബാങ്കുകൾ വഴി വായ്പസഹായം നേടി വേണം പദ്ധതി നടപ്പിലാക്കേണ്ടത്. വായ്പാ തുക അർഹമായ സാമ്പത്തിക സഹായത്തേക്കാൾ കുറയുവാൻ പാടില്ല. നിലവിൽഎസ്.എഫ്.എ.സി.വഴി ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉൽപ്പാദക സംഘങ്ങളെ ഈ പദ്ധതിയിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്. പദ്ധതിയുടെ കൂടുതൽ വിവരങ്ങൾക്ക് എസ്.എഫ്.എ.സി.യുമായി നേരിട്ടോ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസുകളിലെ ആത്മ" പ്രൊജക്റ്റ് ഡയറക്ടറുമായോ ബന്ധപ്പെടാം. പദ്ധതി നടത്തിപ്പിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം-കേരളയും തമ്മിൽ ധാരണാപത്രം നിലവിലുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതിപൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

2. എസ്. എഫ്. എ. സി കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന 'കാർഷിക വിവര സങ്കേതം കർഷക കോൾ സെൻറർ' എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കർഷകർക്ക് കൃഷി സംബന്ധമായ ഏതൊരു സംശയവും ടോൾ ഫ്രീ നമ്പറായ "1800 425 1661* മുഖേന വിളിച്ച് ചോദിക്കുകയോ, രോഗകീടബാധയേറ്റ വിളയുടെ ചിത്രം വാട്സ്ആപ് നമ്പറായ "9447051661 എന്നതിലൂടെ അയച്ച് കൊടുത്ത് സംശയനിവാരണം നടത്താവുന്നതുമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

1. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വ കോഴ്സിന്റെ പുതിയ ബാച്ച് 2025 **ആഗസ്റ്റ്** 14 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവര് **ആഗസ്റ്റ്** 13 നകം ഈ കോഴ്സിൽ രജിസ്റ്റര് ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം കമ്പ്യൂട്ടറോ മൊബൈൽ ഫോണോ ഉപയോഗിക്കാവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ആഗസ്റ്റ്** 14 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

2. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "തീറ്റപ്പുൽകൃഷി" എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 29, 30 തീയതികളിൽ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ള ക്ഷീരകർഷകർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി 9447305100 ,8304948553, 9496332048, 0473 –4299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്.

3. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഗസ്റ്റ് മാസം 6 മുതല് 26 വരെ കർഷകർക്ക് വിവിധ പരിശീലന പരിപാടികൾ നടത്തുന്നു., ഓഗസ്റ്റ് 6, 7 തീയതികളിൽ മുട്ടകോഴി വളർത്തൽ, 12 ന് ടർക്കികോഴി വളർത്തൽ, 20, 21 തീയതികളിൽ കറവപശു പരിപാലനം, 26 ന് മുയൽ വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0469 –2965535.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുട്ടക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ ഈ മാസം 30 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.

5. ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം ഏക ദിന പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളനാട് പ്രവർത്തിക്കുന്ന മിത്രനികേതൻ കൃഷി വിജ്ഞാന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേന്ദ്രത്തിൽ വച്ച് **മണ്ണിര കമ്പോസ്റ്റ് നിർമാണം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 2025 ഓഗസ്റ്റ് മാസം 1 ന് വൈകിട്ട് 5 മണിക്ക് മുൻപായി 8086019840 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക. വാട്സ് ആപ്പ് മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യാവുന്നതുമാണ് . ക്ലാസ്സ് 2025 ഓഗസ്റ്റ് മാസം 6 ന് രാവിലെ 9.30 മണിക്ക് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 കർഷകർക്ക് പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്.

**<u>കാർഷിക നിർദേശം</u>**

1. ജാതി -ഇലകൊഴിച്ചിൽ, കറയൊലിപ്പ്, വേരുചീയൽ, മൂട്ടുചീയൽ നിയന്ത്രിക്കുന്നതിന് ഇലകളിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുക. കുമിൾബാധമൂലമുണ്ടാകുന്ന ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ചെമ്പ് കലർന്ന കുമിൾ നാശിനികളിൽ ഒന്ന് (കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം/ലിറ്റർ വെള്ളത്തിൽ) മരത്തിന് ചുറ്റും തടമെടുത്ത് മരം ഒന്നിന് 10 മുതൽ 20 ലിറ്റർ വരെ എന്ന തോതിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക. തായ്ത്തടിയിൽ കറയൊലിക്കുന്ന ഭാഗത്ത് ബോർഡോ കുഴമ്പ് അല്ലെങ്കിൽ ഹെക്സാകോണാസോൾ 5 മിലി/ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ പുരട്ടി മഴകൊള്ളാതെ സൂക്ഷിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം